# മലബാർ കലാപ വാർഷിക ആഘോഷം തുടങ്ങി

തിരൂരങ്ങാടി: വൈദേശിക ഭരണം അവസാനിച്ചുവെങ്കിലും സാമ്രാജ്യത്വ ശക്തികളുടെ ഏജൻറുമാർ ഇപ്പോഴും ഇവിടെ സജീവമായതിനാൽ നാം ജാഗ്രത പാലിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി പ്രസ്താവിച്ചു. മലബാർ കലാപത്തിൻെറ 75—ാം വാർഷികാഘോഷം ആലിമുസ്ല്യാർ നഗറിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ദേശസ്നേഹം മാത്രം കൈമുതലായി വൈദേശികാധിപത്യത്തിനെതിരെ ആഞ്ഞടിച്ച പാവപ്പെട്ട ജനതയുടെ ഐതിഹാസിക സമരത്തെ വർഗീയലഹളയായി ചിത്രീകരിച്ച് തെറ്റിദ്ധാരണ പരത്താൻ ബ്രിട്ടീഷുകാർ നടത്തിയ ശ്രമം ഇന്നും വിജയിക്കുന്നുവെന്നാണ് അനുഭവം. സ്വാതന്ത്ര്യം ലഭിച്ച് അരനൂറ്റാണ്ട് കഴിഞ്ഞിട്ടും യഥാർഥ ചരിത്രം തലമുറകൾക്ക് കൈമാറാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കൂടിയാണ് തെറ്റായ വ്യാഖ്യാനങ്ങൾക്ക് സത്യത്തിൻെറ പരിവേഷം ലഭിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

സാമ്രാജ്യത്വശക്തികൾ ഇന്ത്യയിലെന്നല്ല എവിടെയും അവർക്കെതിരെയുള്ള സമരങ്ങൾ നേരിടുന്നത് ആയുധംകൊണ്ട് മാത്രമല്ല, എതിരാളികൾക്കിടയിൽ ഭിന്നത സൃഷ്ടിച്ചുകൊണ്ട് കൂടിയാണ്. നുണപ്രചരണം വഴി ഐക്യം തകർത്ത് സമരം പൊളിക്കുകയെന്ന തന്ത്രം അന്നവർ പ്രയോഗിച്ചു. മഹാന്മാരായ നേതാക്കളെ മോശമായി ചിത്രീകരിക്കുന്ന ചരിത്രം പഠിച്ചാണ് നാം വളർന്നത്. മലബാർ കലാപം ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടമായിരുന്നുവെന്നും ഭൂവുടമകളുടെ ദുഷ്പ്രഭുത്വത്തിനെതിരെയുള്ള സമരമായിരുന്നുവെന്നും വ്യത്യസ്ത അഭിപ്രായം നിലവിലുണ്ട്. ഇതുരണ്ടും ചേർന്നതായിരുന്നു ഈ കലാപം. ചില ഒറ്റപ്പെട്ട സംഭവങ്ങൾ വർഗീയ പരിവേഷം നൽകി വലുതാക്കി ചിത്രീകരിച്ചത് നിക്ഷിപ്ത താല്പര്യക്കാരാണെന്ന് മന്ത്രി പറഞ്ഞു.

ചടങ്ങിൽ കെ. കുട്ടി അഹമ്മദ് കുട്ടി എം.എൽ.എ. അധ്യക്ഷനായിരുന്നു. ഐ.എൻ.എൽ. സംസ്ഥാന പ്രസിഡണ്ട് യു.എ. ബീരാൻ, ആര്യാടൻ മുഹമ്മദ് എം.എൽ.എ., ഡോ. കുഞ്ഞാലി (കലി. യൂണി) എന്നിവർ പ്രസംഗിച്ചു. കാരാടൻ മുഹമ്മദ് കുട്ടി സ്വാഗതവും ശരീഫ് കാരന്തൂർ നന്ദിയും പറഞ്ഞു.

28, 29, 30 തിയ്യതികളിൽ ആഘോഷപരിപാടികൾ തുടരും. ചരിത്ര സെമിനാർ, ദേശീയോദ്ഗ്രഥന സമ്മേളനം, മാപ്പിള സാഹിത്യസെമിനാർ, രക്തസാക്ഷി കുടുംബങ്ങളെ ആദരിക്കൽ, മാപ്പിള കലാമത്സരങ്ങൾ എന്നിവ തുടർന്നുള്ള ദിവസങ്ങളിലായി നടക്കും.

## ഇന്നറിയാൻ

- ബോണസ് പ്രശ്നം ഒത്തുതീർന്നതിനാൽ കൊച്ചിയിൽ ഇന്ന് ബസ് സമരം ഇല്ല.
- ശനിയാഴ്ച രാവിലെവരെ കേരളത്തിൽ ചിലയിടങ്ങളിൽ മഴയുണ്ടാകും. ലക്ഷദ്വീപിലും ഒന്നുരണ്ടിടത്ത് മഴപെയ്യും.

# മാതൃഭൂമി

## വാരാന്തപ്പതിപ്പ്

1996 ആഗസ്റ്റ് 18









തിരൂരങ്ങാടി പള്ളി




കലാപകാരികളെ വിചാരണ നടത്തിയ തിരൂരങ്ങാടിയിലെ കച്ചേരി



വാഗൺ സംഭവത്തിൽ മരണപ്പെട്ട 11 പേരുടെ മൃതദേഹം ഇവിടെ അടക്കം ചെയ്തു

# മലബാർ കലാപം അവരുടെ കണ്ണിൽ

### 75 വർഷം മുമ്പു നടന്ന മലബാർ കലാപത്തെക്കുറിച്ച് അനുസ്മരണങ്ങൾ

## മലബാർ കലാപവും വ്യാഖ്യാനവും

ബ്രിട്ടീഷുകാർ സിപ്പായി ലഹളയെന്നു വിളിച്ചുവന്ന 1857-ലെ സായുധ വിപ്ലവത്തിനുശേഷം ഇന്ത്യയിൽ നടന്ന ഏറ്റവും വലിയ പൊട്ടിത്തെറി 1921-ലെ മലബാർ കലാപമായിരുന്നു. ഒരു ശത്രുരാജ്യം കീഴടക്കുന്ന സൈനിക തന്ത്രമായിരുന്നു ഏറനാടൻ പ്രദേശങ്ങൾ വീണ്ടും പിടിച്ചെടുക്കുവാൻ ബ്രി

## മാപ്പിള ലഹള

• പി.പി. ഉമ്മർകോയ •



## അദ്ധ്യാപകനെ കാണാനില്ല

ദരംകുളം: കക്കിടിപ്പുറം എ.യു. ്കൂൾ അദ്ധ്യാപകനും ചെറുവ ളപ്പിൽ മറിയക്കുട്ടി ടീച്ചറുടെ ാവുമായ അബ്ദുല്ലക്കുട്ടി മാസ്- ബുധനാഴ്ച മുതൽ കാണാനില്ല. വീട്ടിൽ തിരിച്ചെത്തുന്ന പതിവു- ബ്ദുല്ലക്കുട്ടി മാസ്റ്റർ ഇതാദ്യമാ ന് വീട്ടിൽ ഒരു വിവരവും നൽകാ ും വീട്ടിൽ പറയാതെയും അപ്രത്യ ായിരിക്കുന്നത്. മാസ്റ്റർ ചെന്നി ാൻ സാധ്യതയുള്ള സ്ഥലങ്ങളി ാം ബന്ധുക്കൾ തിരഞ്ഞെത്തി ിലും അവിടെയൊന്നും മാസ്റ്റ ണ്ടെത്താനായില്ല.

## ശംസുൽ ഉലമാ മാരക കോംപ്ലക്സ് ഉൽഘാടനം 7ന്

കാഴിക്കോട്: ശംസുൽ ഉലമാ സ്മാ റിയാളുസ്സാലിഹീൻ കൾച്ചറൽ ്റ് എഡ്യുക്കേഷണൽ കോംപ്ലക് ൻെറ ഉൽഘാടനം സെപ്തമ്പർ 7ന് ടുറബ്ളിയിൽ നടത്താൻ പ്രസി ്റ് പാണക്കാട് സയ്യിദ് മുഹമ്മദലി ാബ്തങ്ങളുടെ അദ്ധ്യക്ഷതയിൽ ർന്ന കോംപ്ലക്സ് കമ്മിറ്റി യോഗം ുമാനിച്ചു.

ആഗസ്റ്റ് 21ന് നടത്താൻ നിശ്ച ്ച ഉൽഘാടനം കോംപ്ലക്സ് ാറൽ സെക്രട്ടറി കൂടിയായിരുന്ന സുൽ ഉലമായുടെ നിര്യാണംമൂലം ിവെച്ചതായിരുന്നു.

ഉൽഘാടനത്തോടനുബന്ധിച്ച് 7ന് ിലെ 10 മണിക്ക് നടക്കുന്ന മഹല്ല് ഗമം സയ്യിദ് ഉമർ ബാഫഖി ങ്ങൾ ഉൽഘാടനം ചെയ്യും. വലിയ ാസി ശിഹാബുദ്ദീൻ ഇമ്പിച്ചികോയ ങ്ങൾ പ്രാർത്ഥന നടത്തും. സമസ് മുശാവറ മെമ്പർ പി.സി. കുഞ്ഞാ ൻകുട്ടി മുസ്ല്യാർ അദ്ധ്യക്ഷത വഹി ും. മുക്കം ഉമർ ഫൈസി, യു.കെ. ത്തിഫ് മൗലവി എന്നിവർ വിഷയമവ രിപ്പിക്കും. വൈകുന്നേരം 3 മണിക്ക് കാംപ്ലക്സ് കമ്മിറ്റി ജനറൽ ബോഡി യാഗവും 4 മണിക്ക് സ്ഥാപന ൽഘാടനവും നടക്കും. സമസ്ത: ുശാവറ ഖജാഞ്ചി പി.പി. ഇബ്രാഹിം ുസ്ല്യാരുടെ അദ്ധ്യക്ഷതയിൽ പാണ ാട് മുഹമ്മദലി ശിഹാബ് തങ്ങൾ ൽഘാടനം ചെയ്യും. എം.പി.മാരായ . അഹമ്മദ്, വീരേന്ദ്രകുമാർ, അബ്ദു ുമദ് സമദാനി പ്രസംഗിക്കും.

## ഓട്ടോ-ടാക്സി സപ്തമ്പർ 10മുതൽ പണിമുടക്കും

കോഴിക്കോട്: ഓട്ടോറിക്ഷാ - ടാക് ി യാത്രാ നിരക്ക് പുതുക്കി നിശ്ചയി ുകൊണ്ടുള്ള വിജ്ഞാപനം ്റക്കാൻ വൈകുന്നതിൽ പ്രതിഷേധി ് സപ്തമ്പർ 10 മുതൽ പണിമുടക്ക് ടത്താൻ സംസ്ഥാന ഓട്ടോ - ടാക് ി ഡ്രൈവേഴ്സ് കോ-ഓർഡിനേ ൻ കമ്മിറ്റി തീരുമാനിച്ചു.



മലബാർ കലാപം 75ാം വാർഷികത്തോടനുബന്ധിച്ച് തിരൂരങ്ങാടി ഉബൈദ് സാഹിബ് നഗറിൽ നടന്ന മാപ്പിള സാഹിത്യ സെമിനാർ ഇ.ടി. മുഹമ്മദ് ബഷീർ ഉൽഘാടനം ചെയ്യുന്നു. സുകുമാർ കക്കാട്, ബാലകൃഷ്ണൻ വള്ളിക്കുന്ന്, എം.എൻ. കുഞ്ഞിമുഹമ്മദാജി, കെ.കെ. മുഹമ്മദ് അബ്ദുൽകരീം സമീപം.

# മലബാർ കലാപം: വൈദേശിക ആധിപത്യത്തിനെതിരെയുള്ള സമരം

### -കുഞ്ഞാലിക്കുട്ടി

തിരൂരങ്ങാടി: വൈദേശികാധിപത്യത്തിനെതിരെ മലബാറിലെ സാധാരണ ജനങ്ങൾ നടത്തിയ ധിരോദാത്തമായ സമരമാണ് മലബാർ കലാപമെന്ന് പി.കെ. കുഞ്ഞാലിക്കുട്ടി പ്രസ്താവിച്ചു. മലബാർ കലാപം ചരിത്രത്തിൻെറ ഗതിമാറ്റിയ മഹാ സംഭവമാണ്. ചരിത്ര സംഭവം വളച്ചൊടിച്ച് ചിത്രീകരിക്കുന്നതിൽ ഏറെ താൽപ്പര്യം ചിലർ പ്രകടിപ്പിക്കുന്നു എന്ന പരമാർത്ഥം വിസ്മരിക്കാനാവില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

മലബാർ കലാപം 75ാം വാർഷികത്തോടനുബന്ധിച്ച് തിരൂരങ്ങാടിയിൽ മൊയ്തുമൗലവി നഗറിൽ നടന്ന സമാപന സമ്മേളനം ഉൽഘാടനംചെയ്തു പ്രസംഗിക്കുകയായിരുന്നു കുഞ്ഞാലിക്കുട്ടി.

സാമൂതിരിയുടെ കാലത്ത് ഹിന്ദുക്കളും മുസ്ലിംകളും തമ്മിലുള്ള ഐക്യം പ്രധാനപ്പെട്ട ഒന്നായിരുന്നു. എന്നാൽ പിൽക്കാലത്ത് ബ്രിട്ടീഷുകാരിൽനിന്ന് ഉണ്ടായ നീക്കങ്ങൾ ഹിന്ദു-മുസ്ലിം ഐക്യത്തിൻെറ ഗതിമാറ്റുകയായിരുന്നു. അതിൻെറ തുടർച്ചയെന്നോണം ഇന്നും ഗൂഢമായ നീക്കങ്ങൾ ഈ ഐക്യം തകർക്കാൻ നടക്കുന്നു. ഉൽബുദ്ധരായ ജനം ഈ സാഹചര്യത്തെക്കുറിച്ച് ബോധവാന്മാരാകണം. ചരിത്ര സംഭവങ്ങൾ സത്യസന്ധമായ രൂപത്തിൽ വരും തലമുറക്ക് ലഭ്യമാവാൻ അവസരങ്ങൾ സൃഷ്ടിക്കണം. അതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് മതമൈത്രിയോടെ ജീവിക്കാൻ തയ്യാറാവണം. ചരിത്ര സംഭവങ്ങൾ വികലമാക്കി സമുദായ ഐക്യം തകർക്കുന്ന പ്രവണത തടയപ്പെടേണ്ടതാണെന്നും കുഞ്ഞാലിക്കുട്ടി കൂട്ടിച്ചേർത്തു. സി.പി. കുഞ്ഞാലിക്കുട്ടികേയി അദ്ധ്യക്ഷതവഹിച്ചു.

ഭരണാധികാരികൾക്കെതിരെ അടിച്ചമർത്തപ്പെട്ട ജനവിഭാഗത്തിൻെറ ശക്തമായ പ്രതിഷേധ പ്രകടനമാണ് മലബാർ കലാപമെന്നും അത് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമാണെന്നും കെ.പി.സി.സി. ജനഃ സെക്രട്ടറി കെ. മുരളീധരൻ പ്രസ്താവിച്ചു. എ.കെ. ശശീന്ദ്രൻ, എം.പി. ഗംഗാധരൻ പ്രസംഗിച്ചു. പീച്ചിമണ്ണിൽ മുഹമ്മദാജി സ്വാഗതവും കെ.കെ. അബ്ദുറഹിമാൻമാസ്റ്റർ നന്ദിയും പറഞ്ഞു. കലാമൽസര ഇനങ്ങൾ അവതരിപ്പിച്ചു. കെ. മുരളീധരൻ ക്യാഷ് അവാർഡ് സമ്മാനിച്ചു.

മാപ്പിളപ്പാട്ട് രചനഃ മുഹമ്മദ് മറ്റത്ത് തിരൂരങ്ങാടി, അബൂസാദിഖ് എ.ആർ. നഗർ. മാപ്പിളപ്പാട്ട്: സാജിദ് പി.കെ. തിരൂരങ്ങാടി. മുഹമ്മദ് പേരൂർ. പ്രോൽസാഹന സമ്മാനംഃ അന്ധനായ അബ്ദുൽജലീൽ. മാപ്പിള ഗാനമേളഃ തിരൂരങ്ങാടി കലാസമിതി, എൻ. മുഹമ്മദ് ആൻറ് പാർട്ടി വേങ്ങര. ദഫ്മുട്ട്: കുഞ്ഞി സീതിതങ്ങൾ ആൻറ് പാർട്ടി. ചളിക്കോട് കൊടുവള്ളി, എ.വി. കോയമാസ്റ്റർ ആൻറ് പാർട്ടി കാപ്പാട്. കോൽക്കളി: എം.പി. മൊയ്തീൻകോയ ആൻറ് പാർട്ടി [illegible]

## അൻജുമൻ തർഖി ഉർദു

**CLASSIFIED**

ജ സ്വഭാവത്താലോ അടിസ്ഥാന കാരണത്തിനു പകരം പാർശ്വവർത്തികളായ ഹേതുക്കൾക്ക് അയാൾ പ്രാധാന്യം കൊടുത്തുവെന്നും വരാം. ഇത്തരം സമീപനങ്ങൾ കാരണം മലബാർ കലാപം ചരിത്രകാരന്മാരുടെ കണ്ണിൽ എന്തായിരുന്നുവെന്ന ചർച്ച ഇന്നും തുടർന്നുവരുന്നു. ഇത്തരം ചർച്ചകൾതന്നെ ഈ സംഭവത്തിന്റെ ചരിത്ര പ്രാധാന്യം വ്യക്തമാക്കുന്നു.

> ഏറനാടൻ പ്രദേശങ്ങൾ വീണ്ടും പിടിച്ചെടുക്കുവാൻ ബ്രിട്ടീഷു സൈന്യം ആസൂത്രണം ചെയ്തിരുന്നത്.

• ഡോ.കെ.കെ.എൻ. കുറുപ്പ് •

## ചില പഠനങ്ങൾ

കലാപം അടിച്ചമർത്തുവാൻ പ്രവർത്തിച്ച പോലീസ് സൂപ്രണ്ട് ഹിച്ച്കോക്കും മറ്റു ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരും, ഗോപാലൻ നായർ തുടങ്ങിയ നാട്ടുകാരായ ഉദ്യോഗസ്ഥന്മാരും ചരിത്രകാരന്മാരായ സൗമ്യേന്ദ്ര നാഥ ടാഗോർ, ഹാർഡ്ഗ്രേവ് ജൂനിയർ, സ്റ്റീഫൻ എഫ് ഡെയിൽ, റോളൻഡ് ഇ. മില്ലർ, കോൺറാഡ്‌വുഡ്, കെ.എൻ.പണിക്കർ, എം.ഗംഗാധരൻ, ധനാഗരെ, ഇ.എം.എസ്. നമ്പൂതിരിപ്പാട് തുടങ്ങിയവരും, സമകാലികരായ കെ.പി.കേശവമേനോൻ, കെ.മാധവൻ നായർ, എം.പി.നാരായണമേനോൻ, ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, ഇ.മൊയ്തുമൗലവി തുടങ്ങിയ ദേശീയ വാദികളും, കെ.കെ.മുഹമ്മദ് അബ്ദുൾ ഖരീം, എം.ആലിക്കുഞ്ഞി തുടങ്ങി ഈ ലേഖകനടക്കമുള്ള മറ്റു പലരും കലാപത്തിന്റെ സ്വഭാവം വിശകലനം ചെയ്തുകൊണ്ട് അതിന്റെ വ്യാഖ്യാനം നടത്തിയിട്ടുണ്ട്. ചരിത്രപരമായ ഈ വ്യാഖ്യാനങ്ങൾ എന്തായാലും ശരി മലബാർ കലാപം ഒരു വർഗീയ കലാപമാണെന്നും മാപ്പിളമാരായ മതഭ്രാന്തന്മാർ ഹിന്ദുക്കൾക്കെതിരായി നടത്തിയ കലാപമാണെന്നും ചരിത്രരേഖകളിൽ നിന്നും വ്യത്യസ്തമായി ഉരുത്തിരിയുന്ന ഒരു വ്യാഖ്യാനം തലമുറകളായി ഇവിടെ പ്രചരിച്ചും പ്രചരിപ്പിച്ചും വന്നിരിക്കുന്നു. ഇന്നും ചിലരെങ്കിലും അതിനെ വർഗീയ കപാലമെന്നു വ്യാഖ്യാനിക്കുവാൻ താൽപര്യം കാണിക്കുന്നു. ഉദാഹരണത്തിനു കലാപത്തിന്റെ എഴുപത്തിയഞ്ചാം വാർഷികമായ ഈ അവസരം ഒരു സെമിനാർ ആസൂത്രണം ചെയ്തപ്പോൾ ഈ ലേഖകന്നു ലഭിച്ച ചില ആളില്ലാകത്തുകൾ ''താങ്കൾ ചരിത്രം പഠിച്ചിട്ടുണ്ടോ?'' എന്നുവരെ എത്തിയിരുന്നു.

സാമ്രാജ്യത്വ ചരിത്രകാരന്മാർക്കും അവരുടെ പാർശ്വവർത്തികൾക്കും ഇന്ത്യയിൽ ഒരു പ്രത്യേക ലക്ഷ്യമുണ്ടായിരുന്നു. ഹിന്ദുക്കളേയും മുസ്ലിംകളേയും ഭിന്നിപ്പിച്ചു നിർത്തുകയും ആ ഭിന്നതകൾക്കടിസ്ഥാനമായ ചരിത്ര വസ്തുതകൾ മാത്രം തിരഞ്ഞെടുത്തു അവർക്കിടയിലെ വൈരുദ്ധ്യം വളർത്തുകയുമായിരുന്നു ആ ലക്ഷ്യം. ഇന്ത്യയിൽ രണ്ടു ദേശീയതകൾ വളർത്തിയെടുക്കുക അവരുടെ ലക്ഷ്യമായിരുന്നു. കൊള്ളക്കാരും മതഭ്രാന്തരുമായ മുസ്ലിംകളിൽ നിന്നും ഹിന്ദുക്കളെ സംരക്ഷിച്ചതു ബ്രിട്ടീഷ്‌കാരാണെന്നു എലിയറ്റ് ആൻഡ് ഡൌസൺ മുതൽ പേർ എഴുതിവെച്ചതിന്റെ ലക്ഷ്യവും അതായിരുന്നു. അതിനാൽ മലബാർ കലാപത്തിന്റെ ഏറ്റവും ലളിതമായ വ്യാഖ്യാനം ഹിന്ദുക്കളെ കൊല ചെയ്യുക, മതം മാറ്റുക, കൊള്ള ചെയ്യുക തുടങ്ങിയ കാരണങ്ങളാൽ അതു ഹിന്ദുക്കൾക്കെതിരായ വർഗീയ കലാപമാണെന്നു വിലയിരുത്തുകയായിരുന്നു. എന്നാൽ കലാപത്തിന്റെ സ്വഭാവവും അടിയൊഴുക്കും സംഭവപരമ്പരകളും അത്തരം ലളിതമായ ഒരു വ്യാഖ്യാനത്തെ അനുകൂലിക്കുന്നില്ലെന്നു ശാസ്ത്രീയമായി ചരിത്രരചനയിലേർപ്പെടുന്നവർക്കറിയാം.

## അന്തർധാരകൾ

തെക്കെ മലബാറിൽ നിലനിന്ന അനേകം കുടിയായ്മ കമ്മിറ്റികൾ, ഖിലാഫത്ത് കമ്മിറ്റികൾ, കോൺഗ്രസ്സ് കമ്മിറ്റികൾ, ദേശീയ വാദികൾ ഗ്രാമതലങ്ങളിൽ പ്രചരിപ്പിച്ച സാമ്രാജ്യവിരുദ്ധ മനോഭാവം, പിരിച്ചുവിട്ട പട്ടാളക്കാരുടെ പങ്കാളിത്തം, ഗ്രാമീണ ദാരിദ്ര്യം, പിൽക്കാല പ്രാബല്യത്തോടെ നടപ്പാക്കിയ പട്ടാള നിയമം, പത്തൊമ്പതാം നൂറ്റാണ്ടിലെ കാർഷികമായ അനേകം പൊട്ടിത്തെറികൾ, ശഹീദുക്കളുടെ ആണ്ടുനേർച്ചകൾ വഴി പ്രചരിപ്പിച്ച മതബോധം, ഹൈന്ദവ ജന്മിത്തവും സാമ്രാജ്യത്വവും തമ്മിലുള്ള സൗഹാർദം, ദേശീയബോധം അടിച്ചമർത്തുവാനുള്ള ജില്ലാതല ഉദ്യോഗസ്ഥന്മാരുടെ താന്തോന്നിത്തം, ഹിന്ദുക്കളെ സ്വയം ഒറ്റുകാരാക്കി മാറ്റുന്ന ബ്രിട്ടീഷ് സൈനിക തന്ത്രം, കലാപത്തിലെ നൈസർഗികമായ പൊട്ടിത്തെറികൾ, മാപ്പിളമാർക്കിടയിലെ നേതൃത്വത്തിന്റെ അഭാവം തുടങ്ങിയ അനേകം വസ്തുതകൾ വിശകലനം ചെയ്യാതെ കലാപത്തിലെ ഒരംശം മാത്രമായ വർഗീയതയെന്ന പ്രത്യേകത എടുത്തുകാട്ടി ചെയ്യുന്ന ചരിത്ര വ്യാഖ്യാനം തികച്ചും അശാസ്ത്രീയമാണ്.



ബ്രിട്ടീഷ് പട്ടാള ഉദ്യോഗസ്ഥന്റെ ശവക്കല്ലറ

ഗാന്ധിയനായ അല്ലൂരി സീതാരാമരാജുവും ആദിവാസികളും 1924–ൽ ആയുധമെടുത്തു ബ്രിട്ടീഷുകാരോടു പടപൊരുതിയിരുന്നു.

## കാർഷിക പശ്ചാത്തലം

വർഗീയ കലാപമെന്ന ആശയത്തെ വിമർശിച്ചത് ഗായത്രീ വല്ലഭ അയ്യർ, സൗമ്യേന്ദ്രനാഥടാഗോർതുടങ്ങിയവരായിരുന്നു. മാർക്സിയൻ സമീപനമുള്ള ടാഗോർ, ഇ.എം.എസ്. നമ്പൂതിരിപ്പാട് തുടങ്ങിയവർ വർഗ സമരത്തിന്റെ ഭാഗമായ കാർഷിക കലാപമായി അതിനെ വിലയിരുത്തി. ടാഗോർ 1937–ൽ പ്രസിദ്ധീകരിച്ച ലഘുപഠനം പോലീസ് കണ്ടുകെട്ടി. തമിഴിൽ ക്വിറ്റിന്ത്യാ സമര കാലത്തു പ്രസിദ്ധീകരിച്ച ഇതേ ഗ്രന്ഥവും അവർ കണ്ടുകെട്ടുകയാണുണ്ടായത്. നമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ മലബാറിലെ കർഷക പ്രസ്ഥാന ചരിത്രത്തിൽ ഈ കലാപത്തെ വിലയിരുത്തി. അദ്ദേഹം 1946–ൽ രജതജൂബിലി ഘട്ടത്തിലെഴുതിയ ആഹ്വാനവും താക്കീതും എന്ന ലേഖനം പ്രസിദ്ധീകരിച്ചതിനെതിരായി ദേശാഭിമാനിക്കെതിരെ നടപടികളുണ്ടായി.

ഇതെല്ലാം വ്യക്തമാക്കുന്ന ഒരാശയം ഒരു സാമ്രാജ്യവിരുദ്ധപ്രസ്ഥാനമെന്ന നിലയിൽ ഒരു കാർഷിക കലാപത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട കലാപത്തിന്റെ പ്രാധാന്യത്തെയാണ്. ഒരു രാജ്യത്തിന്റെ ഒരു പ്രത്യേക പ്രദേശത്ത് സാമ്രാജ്യവിരുദ്ധ സമരം അവിടത്തെ ഫ്യൂഡൽ ആധിപത്യത്തിന്നു കൂടി എതിരായി ആഞ്ഞടിക്കുമ്പോൾ അത് ഇന്ന വിധത്തിൽ മാത്രമേ പാടുള്ളുവെന്നു നാം വിവക്ഷിക്കുന്നതിൽ കഴമ്പില്ല. ഒരു രാഷ്ട്രീയ സമരത്തിന്റെയും നൈസർഗികമായ കാർഷിക കലാപത്തിന്റെയും ശക്തമായ അടിയൊഴുക്കുകളാണ് മലബാർ കലാപത്തിന്റേത്. ഇസ്ലാമിക പ്രത്യയശാസ്ത്രവും അതിനെ സ്വാധീനിക്കുകയുണ്ടായി.

ഹോബ്സ്ബാം വ്യാഖ്യാനിക്കുന്നതു പോലെ സാമൂഹ്യമായ കൊള്ള ഈ കലാപങ്ങളുടെ സ്വഭാവമാണ്. മലബാർ കലാപത്തിലും ഈ കൊള്ളകളും, കൊലകളും, മതപരമായ സമീപനവും പ്രതിഫലിക്കുന്നു. ഇത്തരം അടിയൊഴുക്കുകൾ ഉണ്ടായെന്നതിന്റെ പേരിൽ അതിനെ വർഗീയ കലാപമെന്നു വ്യാഖ്യാനിക്കുക സാദ്ധ്യമല്ല. കാർഷിക കലാപമെന്ന സാമ്രാജ്യ വിരുദ്ധ പ്രത്യയശാസ്ത്രം പിന്നീട് പ്രയോഗിച്ചത് കമ്മ്യൂണിസ്റ്റുകാരായിരുന്നു. കർഷക സംഘാടകനായ കെ.എ. കേരളീയൻ മലബാർ കലാപത്തിലുൾപ്പെട്ട ഗ്രാമങ്ങൾ തോറും ചുറ്റിയലഞ്ഞു തന്റെ പ്രസ്ഥാനത്തിനാവശ്യമായ പ്രാണവായു പില്ക്കാലത്തു ഉൾക്കൊണ്ടുവെന്നതു പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. വീരപഴശ്ശിയുടെയും വാരിയൻ കുന്നത്തു കുഞ്ഞഹമ്മദ് ഹാജിയുടെയും ജന്മഭൂമിയായ കേരളത്തെപ്പറ്റി പിൻതലമുറക്കാർ പടപ്പാട്ടുകൾ എഴുതി. ചൈനയിൽ തെയ്‌വാങ് കലാപം നടന്ന പ്രദേശങ്ങളിൽ നിന്നായിരുന്നു അവിടത്തെ വിമോചന പ്രസ്ഥാനം പ്രചോദനം നേടിയത്. അതിനാൽ മലബാർ കലാപത്തെ രാഷ്ട്രീയ സ്വാതന്ത്ര്യം ലക്ഷ്യമാക്കിയ കാർഷിക കലാപമെന്നു ചരിത്രകാരന്മാർ വിലയിരുത്തുമ്പോൾ അത് കലാപത്തിന്റെ പ്രാധാന്യം ചുരു

യൂരിൽനിന്ന് തൃശൂരിലേക്ക് റെയിൽ വന്നതിനാൽ നേരിട്ടുള്ള ഗതാഗ

ന്നത്.

ഇടപ്പള്ളിക്കും തിരൂരിനും ഇട

നടപടികൾ തുടങ്ങുമെന്നാണ് പ്രതീക്ഷ.

സിൻഡിക്കേറ്റ് അംഗീകരിക്കുകയായിരുന്നു.

# മലബാർ കലാപം: 75-ാം വാർഷിക ആഘോഷം ഇന്നാരംഭിക്കുന്നു

മലപ്പുറം: മലബാർ കലാപത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം, സമരത്തിന്റെ സിരാകേന്ദ്രമായിരുന്ന തിരൂരങ്ങാടിയിൽ ആഘോഷിക്കുന്നു.

വ്യാഴാഴ്ച തുടങ്ങുന്ന നാല് ദിവസത്തെ പരിപാടിയിൽ വിവിധ സമ്മേളനങ്ങൾ, അനുസ്മരണങ്ങൾ, പഠനം, ചരിത്രഗ്രന്ഥപ്രകാശം, മാപ്പിള കലാപരിപാടികൾ എന്നിവ ഉൾപ്പെടുന്നു.

22, 28, 29, 30 തിയ്യതികളിലാണ് പരിപാടികൾ. 22 ന് മൂന്നു മണിക്ക് മാപ്പിള ഗാനമേള. 4 മണിക്ക് ഓറിയന്റൽ ഹൈസ്കൂൾ കോമ്പൗണ്ടിലെ ആലി മുസ്ല്യാർ നഗറിൽ നടക്കുന്ന സമ്മേളനം മന്ത്രി പാലോളി മുഹമ്മദ്കുട്ടി ഉദ്ഘാടനം ചെയ്യും. ആഘോഷ കമ്മിറ്റി ചെയർമാൻ പി.കെ. കുഞ്ഞാലിക്കുട്ടി അദ്ധ്യക്ഷനായിരിക്കും. മാതൃഭൂമി മാനേജിംഗ് ഡയറക്ടർ എം.പി. വീരേന്ദ്രകുമാർ എം.പി., ആര്യാടൻ മുഹമ്മദ് എം.എൽ.എ., യു.എ. ബീരാൻ, ഒ. അബ്ദുല്ല (മാധ്യമം), ഡോ: കുഞ്ഞാലി (കലിക്കറ്റ് യൂനിവേഴ്സിറ്റി) എന്നിവർ പ്രസംഗിക്കും.

28 ന് രാവിലെ ഗവ. ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ മാപ്പിളപ്പാട്ട് രചനാമത്സരം, തുടർന്ന് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് നഗറിൽ ചരിത്ര സെമിനാർ ഡോ: സി.കെ. കരീമിന്റെ അദ്ധ്യക്ഷതയിൽ അബ്ദുസമദ് സമദാനി എം.പി. ഉദ്ഘാടനം ചെയ്യും. പി.കെ. അബ്ദുറബ്ബ് എം.എൽ.എ. പ്രസംഗിക്കും.

കലാപത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തെക്കുറിച്ച് ഡോ: കുഞ്ഞാലി, കലാപത്തിന്റെ അനന്തര ഫലങ്ങളെപ്പറ്റി ഡോ: എം. ഗംഗാധരൻ, ഖിലാഫത്തിനെപ്പറ്റി ഡോ: എസ്. എം. മുഹമ്മദ്കോയ, കലാപത്തിന്റെ ചരിത്രപശ്ചാത്തലത്തെ സംബന്ധിച്ച് ഡോ: മുസ്തഫാ കമാൽ പാഷ, രാഷ്ട്രീയ പശ്ചാത്തലത്തെക്കുറിച്ച് എം.ഐ. തങ്ങൾ എന്നിവർ പ്രബന്ധങ്ങളവതരിപ്പിക്കും.

വൈകുന്നേരം 3 മണിക്ക് മുഹമ്മദ് അബ്ദുറഹിമാൻ നഗറിൽ (ഗവ. ഹൈസ്കൂൾ) ദേശീയോദ്ഗ്രഥന സമ്മേളനം ചീഫ് വിപ്പ് ടി.കെ. ഹംസ ഉദ്ഘാടനം ചെയ്യും. എം.എം. ഹസ്സൻ അദ്ധ്യക്ഷനായിരിക്കും. എൻ. കണ്ണൻ എം.എൽ.എ., ഐ.എൻ.എൽ. ജനറൽ സെക്രട്ടറി കെ. ലക്ഷ്മണ, യു.കെ. ഭാസി, ബിനോയ് വിശ്വം, അഡ്വ. കെ.എൻ.എ. കാദർ എന്നിവർ സംസാരിക്കും.

29 ന് വ്യാഴാഴ്ച രാവിലെ 9 ന് മാപ്പിളപ്പാട്ട് സിംഗിൾ മത്സരം (വായ്പാട്ട്), പത്തര മണിക്ക് രക്തസാക്ഷി കുടുംബങ്ങളെ ആദരിക്കുന്ന ചടങ്ങ് പാണക്കാട് മുഹമ്മദലിശിഹാബ് തങ്ങളാണ് ഉദ്ഘാടനം ചെയ്യുക. കാരാടൻ മുഹമ്മദാജി അദ്ധ്യക്ഷത വഹിക്കും.

എം.എൻ. കുഞ്ഞിമുഹമ്മദ് ഹാജിയുടെ അദ്ധ്യക്ഷതയിൽ വൈകീട്ട് മൂന്നു മണിക്ക് ചേരുന്ന മാപ്പിള സാഹിത്യ സെമിനാർ ഇ.ടി. മുഹമ്മദ് ബഷീർ എം.എൽ.എ. ഉദ്ഘാടനം ചെയ്യും. രാത്രി മാപ്പിള കലാമത്സരങ്ങൾ എം.കെ. മുനീർ എം.എൽ.എ. ഉദ്ഘാടനം ചെയ്യും.

30 ന് വെള്ളിയാഴ്ച രാത്രി മൊയ്തു മൗലവി നഗറിൽ സമാപന സമ്മേളനം മന്ത്രി കെ.ഇ. ഇസ്മയിൽ ഉദ്ഘാടനം ചെയ്യും. കുട്ടി അഹമ്മദ്കുട്ടി എം.എൽ.എ. അദ്ധ്യക്ഷനായിരിക്കും.

20 ന് നടത്താനുദ്ദേശിച്ച ഉദ്ഘാടനം വാഹന ബന്ദ് മൂലം 22 ലേക്ക് മാറ്റി വെച്ചതാണ്.

ബ്രിട്ടീഷുകാരോട് പടപൊരുതിയതിന്നു ജയിലിലാക്കപ്പെട്ടവരുടെയും തൂക്കിലേറ്റപ്പെട്ടവരുടെയും നാടുകടത്തപ്പെട്ടവരുടെയും പേരുകൾ കൊത്തിവെച്ച ഫലകം തിരൂരങ്ങാടിയിൽ സ്ഥാപിക്കാൻ തീരുമാനിച്ചതായി സമ്മേളന പരിപാടികൾ വിശദീകരിച്ച കമ്മിറ്റി ഭാരവാഹികളായ കെ. കുട്ടി അഹമ്മദ്കുട്ടി (ചെയർമാൻ) പൂക്കാടൻ അഹമ്മദ്കോയ ഹാജി, കെ.പി. അഹമ്മദ് കോയ, കെ.പി. മുഹമ്മദാജി, പി.എം.എ. സലാം, ടി. മമ്മു, എം. മൂസ്സഹാജി, അഹമ്മദ് ഷരീഫ് എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

നിങ്ങളിലുള്ള അവിവാഹിതരെയും, നിങ്ങളുടെ അടിമകളിൽനിന്നും അടിമ സ്ത്രീകളിൽ നിന്നും നല്ലവരായിട്ടുള്ളവരെയും നിങ്ങൾ വിവാഹബന്ധത്തിലേർപ്പെടുത്തുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ഐശ്വര്യം നൽകുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവ്വജ്ഞനുമത്രെ.

(വിശുദ്ധ ഖുർആൻ 24:32)


ചന്ദ്രിക

1996 ഓഗസ്റ്റ് 23 വെള്ളി

| | | | |
|---|---|---|---|
| 1417 റ. ആഖർ | 8 | കൂടിയ ചൂട് | 28.7 |
| 1172 ചിങ്ങം | 7 | കുറഞ്ഞ ചൂട് | 24.4 |
| 1918 ഭാദ്രം | 1 | മഴ | 0.3 MM |

| | | |
|---|---|---|
| സുബ്ഹി 5.01<br>മഗ്‌രിബ് 6.43 | ളുഹർ 12.30<br>ഇശാഅ് 7.51 | അസർ 3.35<br>(ഹനഫി 4.53) |

സൂര്യോദയം 6.20 സൂര്യാസ്തമയം 6.43


# മലബാർ കലാപത്തിന്റെ ബാക്കിപത്രം


അഹ്മദ് ശരീഫ് പി.

(കൺവീനർ, മലബാർ സമരം: 75ാം വാർഷിക അനുസ്മരണ സമിതി)


**മലബാർ കലാപം വഞ്ചിക്കപ്പെട്ട ഒരു സമരത്തിന്റെ കഥ പറയുന്നു. കലാപത്തിന് തിരികൊളുത്തി, മാപ്പിളമാരെ ബ്രിട്ടീഷ് പട്ടാളത്തിന്റെ തോക്കിന് മുമ്പിൽ എറിഞ്ഞ ദേശീയ നേതൃത്വം യുദ്ധത്തിന്റെ തട്ടയിൽ വെച്ചവരെ കൈവിട്ടു. മതത്തിന്റെ പേരിൽ മാപ്പിളമാരോട് ആയുധമെന്താൻ പറഞ്ഞ ഗാന്ധിജി വരെ അവരെ തള്ളിപ്പറഞ്ഞു.**

[illegible]

## ഒമ്പതാം പദ്ധതി

ഒമ്പതാം പദ്ധതിയുടെ നടത്തിപ്പിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് പ്രധാനമന്ത്രി ദേവഗൗഡ നൽകിയ നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. [illegible]



# പ്രസക്തി

ഇബ്രാഹിം ബേവിഞ്ച

[illegible]



# സ്വാതന്ത്ര്യത്തിലെ രസനീയത

**മലബാർ കലാപത്തേയും മുസ്ലിം ജീവിതത്തേയും എത്രമാത്രം ജീർണ്ണിച്ച മനസ്സോടുകൂടിയാണ് കുമാരനാശാൻ നോക്കിക്കണ്ടതെന്നും കവിതയിൽ ആവിഷ്കരിച്ചതെന്നും നാം ഓർമ്മിക്കേണ്ടതുണ്ട്. ദുരവസ്ഥ കേരളീയ ജീവിതത്തിൽ ജാതി വ്യവസ്ഥയുണ്ടാക്കിയ ദുരവസ്ഥയുടെ ചിത്രീകരണം മാത്രമല്ല, കുമാരനാശാൻ മനസ്സിലെ ദുരവസ്ഥകളുടെ പ്രകാശനം കൂടിയാണ്. 'മൊട്ടപ്പാഴ്ത്തലയല്ല വേണ്ടു. ഭാരതക്ഷോണി കിരീടത്തിന്' എന്ന് വള്ളത്തോളും ഒരിക്കൽ പാടിപ്പോയിട്ടുണ്ട്. ഈ പഴഞ്ചൻ കാര്യങ്ങളൊക്കെ**

[illegible]